4026
9/4/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി- മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം- കൊട്ടാരക്കര, ഇടുക്കി, മട്ടന്നൂർ നിയോജകമണ്ഡലങ്ങളിലെ ഓരോ അങ്കണവാടികളെ കൂടി മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം .192/2015/സാനീവ തീയതി, തിരുവനന്തപുരം , 28.03.2015

---

പരാമർശം : 1) സ.ഉ.(സാധാ)നം. 23/2012/സാക്ഷേവ തീയതി 16.01.2012.
2) സ.ഉ.(സാധാ)നം. 755/2014/സാനീവ തീയതി 19.12.2014.
3) സ.ഉ.(സാധാ)നം. 63/2015/സാനീവ തീയതി 05.02.2015
4) സാമൂഹ്യനീതി ഡയറക്ടറുടെ 08.01.2015 ലെ ഐസിഡിഎസ്.എ7- 31036/13 നമ്പർ കത്ത്.
5) സാമൂഹ്യനീതി ഡയറക്ടറുടെ 04.02.2015 ലെ ഐസിഡിഎസ്.എ7-25945/11 നമ്പർ കത്ത്.
6) സാമൂഹ്യനീതി ഡയറക്ടറുടെ 04.03.2015 ലെ ഐസിഡിഎസ്.എ7-8781/14 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി മാറ്റുന്നതിനും 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം.14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി.

2. സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയും ബന്ധപ്പെട്ട എം.എൽ.എ മാരുടെ എസ്.ഡി.എഫും ചേർത്ത് ഒരു അങ്കണവാടിയ്ക്ക് 23.75 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എമാർ ശുപാർശ ചെയ്തിട്ടുള്ള 103 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മാതൃകാ അങ്കണവാടികളായി ഉയർത്തിയ അങ്കണവാടികളുടെ ലിസ്റ്റിൽ നിന്നും നേമം നിയോജക മണ്ഡലത്തെ പരാമർശം (3) പ്രകാരം ഒഴിവാക്കിയിരുന്നു.

3. കൊട്ടാരക്കര, ഇടുക്കി, മട്ടന്നൂർ നിയോജകമണ്ഡലങ്ങളിലെ ബന്ധപ്പെട്ട എം.എൽ.എമാർ ശുപാർശ ചെയ്ത അങ്കണവാടികളെ കൂടി മാതൃകാ അങ്കണവാടികളാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം ഭരണാനുമതിയ്ക്കായി യഥാക്രമം പരാമർശം (4),(5),(6) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി 14907 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്ന് 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 6.75 ലക്ഷം രൂപയും ചേർത്ത് 23.75 ലക്ഷം രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) വീതം ചെലവഴിച്ച് 10 സെന്റ് സ്ഥലം ലഭ്യമായതും കൊട്ടാരക്കര, ഇടുക്കി, മട്ടന്നൂർ നിയോജകമണ്ഡലങ്ങളിലെ ബന്ധപ്പെട്ട എം.എൽ.എ മാർ ശുപാർശ ചെയ്തതുമായ താഴെപ്പറയുന്ന അങ്കണവാടികളെ കൂടി മാതൃകാ

അങ്കണവാടികളാക്കി നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | നിയോജക മണ്ഡലം | ഐസിഡിഎസ് പ്രോജക്ട് | ഗ്രാമ പഞ്ചായത്ത് | അങ്കണവാടി നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം/ സർവ്വേ നമ്പർ |
|---|---|---|---|---|---|
| കൊല്ലം | കൊട്ടാരക്കര | വെട്ടിക്കവല | ഉമ്മന്നൂർ | 16 | 10 സെന്റ് 67/82 |
| ഇടുക്കി | ഇടുക്കി | ഇടുക്കി | കഞ്ഞിക്കുഴി | 135 | 10 സെന്റ് |
| കണ്ണൂർ | മട്ടന്നൂർ | ഇരിക്കൂർ അഡീഷണൽ | പടിയൂർ | 61 | 10 സെന്റ് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
വെബ് & ന്യു മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ